# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3888 19.03.2018ൽ മറുപടി നൽകേണ്ടത്.

## വിദ്യാലയങ്ങൾക്ക് എയ്ഡഡ് പദവി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.എം. ആരിഫ് | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന വിദ്യാലയങ്ങൾക്ക് എയ്ഡഡ് പദവി നൽകി സർക്കാർ സഹായത്തോടെ പ്രവർത്തിക്കുവാനുള്ള പദ്ധതി മുൻസർക്കാർ പ്രഖ്യാപിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് 09.02.2016 - ലെ സ.ഉ.(എം.എസ്) നം.38/2016/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. |
| (ബി) | ആയത് പ്രകാരം 100 ൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന എല്ലാ വിദ്യാലയങ്ങളും എയ്ഡഡ് സ്കൂളുകളാക്കി പ്രഖ്യാപിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും | 100 വിദ്യാർത്ഥികളിൽ കൂടുതൽ പഠിക്കുന്ന 33 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്ന കാര്യം ഉൾപ്പെടെ ബഡ്സ് സ്കൂളുകളടക്കമുള്ള ഈ വിഭാഗത്തിൽപ്പെട്ട എല്ലാ സ്പെഷ്യൽ സ്കൂളുകളേയും സംബന്ധിച്ച ഒരു സമഗ്ര പാക്കേജിന് രൂപം നൽകാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ടുകൂടി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. എന്നാൽ ഇതിന്റെ ആവശ്യത്തിലേയ്ക്ക് പ്രത്യേക ഫണ്ട് ഒന്നും അനുവദിച്ചിരുന്നില്ല. |
| (സി) | ഇതിലേക്ക് ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ; ഇതിന്റെ ആവശ്യത്തിലേക്ക് എന്തെങ്കിലും ഫണ്ട് അനുവദിച്ചിരുന്നോ; | | |
| (ഡി) | ഇത് സംബന്ധിച്ച് സർക്കാരിന്റെ നയവും നിലപാടും എന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) | ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ ഈ വിഭാഗത്തിൽപ്പെട്ട എല്ലാ സ്പെഷ്യൽ സ്കൂളുകൾക്കുമായി ഒരു സമഗ്ര പാക്കേജ് രൂപപ്പെടുത്തി, പരമാവധി വിദ്യാർത്ഥി സൗഹൃദ സ്ഥാപനങ്ങളാക്കി അവയെ പ്രവർത്തിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ